# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 08 കോട്ടപുറം

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 200 ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിച്ചു. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008ൽ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## ഫയൽ പരിശോധന റിപ്പോർട്ട്

പ്രവൃത്തിയുടെ പേര് : മണ്ണു-ജല സംരക്ഷണം

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| DP/276601 | 4/1/19 | 9/3/19 | 5,00,000 | 4,89,072 |
| DP/265209 | 29/09/18 | 1/12/18 | 5,00,000 | 4,89,348 |
| DP/276602 | 04/01/19 | 10/03/19 | 5,00,000 | 4,72,236 |
| DP/272691 | 29/09/18 | 01/12/18 | 5,00,000 | 4,89,348 |

മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട നാല് ഫയലുകൾ ആണ്  ഞങ്ങൾ പരിശോധിച്ചത്.

ഈ വാർഡിൽ 292 പേർ തൊഴിൽകാർഡ് എടുത്തിട്ടുണ്ടെങ്കിൽ 94 സ്ഥിര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു.

³ കവർ പേജ്

AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നുവെങ്കിലും ജിയോ ടാഗിംഗ് ഓഫ് അസറ്റ്, അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.മാറ്റിന്റെ പേര് ഇല്ലായിരുന്നു.

³ ചെക്ക് ലിസ്റ്റ്

ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു.

³ ആക്ഷൻപ്ലാൻ കോപ്പി.

ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു. ആക്ഷൻ പ്ലാൻ കോപ്പിയിലെയും കവർ പേജിലെയും പ്രവർത്തിയുടെയും പേര് ഒന്നായിരുന്നു.

³ ഭരണാനുമതി ഉണ്ടായിരുന്നു.

³ സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

³ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. ജനകീയ ഭാഷയിലല്ലായിരുന്നു.

³ ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉണ്ടായിരുന്നു.

³ മസ്റ്റർ റോൾ

4 ഫയലുകളിലായി 212 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു.

ചില മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്ത് കാണപ്പെട്ടു. (11001,23519)

ചില മസ്റ്റർ റോളുകളിൽ total attendance രേഖപ്പെടുത്തിയിട്ടില്ല. (10103,10104,14875,14876,14878,14879,14880)

ചില മസ്റ്റർ റോളുകളിൽ absent ചുവന്ന മഷി കൊണ്ടല്ല രേഖപെടുത്തിയിരുന്നതു.

³ ഫയൽ ടാകിംഗ് ഫോം . ഉണ്ടായിരുന്നു ഒപ്പും സീലും ബന്ധപ്പെട്ട തീയതി ഇല്ലായിരുന്നു.

³ മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നു.

³ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ് ഉണ്ടായിരുന്നു.

³ wage list ഉണ്ടായിരുന

³ FTO ഉണ്ടായിരുന്നു

³ ത്രീ സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നു.

ഫയൽ tacking ഫോം ഉണ്ടായിരുന്നു.

³ എം ബുക്ക്

എം ബുക്കിൽ ബുക്ക് നമ്പർ, ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു. എന്നാൽ എം ബുക്കിൽ ക്ലറിക്കൽ മിസ്റ്റേക്ക് ഉണ്ടായിരുന്നു.

³ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

Geo tagged ഫോട്ടോസ് ഇല്ലായിരുന്നു.

³ സൈറ്റ് ഡയറി ഉണ്ടായിരുന്നു.

എന്നാൽ Dp/276601 ൽ ഏത് പ്രവർത്തി ആണെന്ന് രേഖപെടുത്തിയിട്ടില്ല.

പ്രൊജക്റ്റ് മീറ്റിംഗ് പേജിൽ 4 തൊഴിലാളികൾ ഒപ്പ് രേഖപെടുത്തിയിട്ടില്ല.

വിജിലൻസ് & monittoring കമ്മിറ്റി റിപ്പോർട്ട് പേജിൽ ഏതെല്ലാം പ്രവർത്തികൾ ആണ് ചെയ്തെന്നു രേഖപെടുത്തിയിട്ടില്ല.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

2018-19 കാലഘട്ടത്തിലെ മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട നാല് ഫയലുകളിലുമായി 81 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് ഞങ്ങൾക്ക് പരിശോധിക്കാൻഉണ്ടായിരുന്നത്. M book പ്രകാരം 185 മഴകുഴികളും 85 കംപോസ്റ്റ് കുഴികളും 1മണ്ണ് കയ്യാലയും ആണ് കാണേണ്ടി ഇരുന്നത്. എന്നാൽ 90 മഴക്കുഴികളും 19വളക്കുഴിയും 1മണ്ണ് കയ്യാലയും ആണ് കാണാൻ കഴിഞ്ഞത്. അതിൽ 60 എണ്ണം ഉപയോഗപ്രധമായ രീതിയിൽ ഉള്ളവ 12 എണ്ണം മണ്ണ് കൊണ്ട് മൂടിയ നിലയിലും 18 എണ്ണം തെങ്ങ് നട്ടതും ചപ്പു ചവറുകൾ നിറഞ്ഞതും ആയിരുന്നു. മഴക്കുഴികൾ കുറയുവാനുള്ള കാരണം ആയി അവർ പറയുന്നത് വയൽ പ്രദേശമായതിനാൽ കുഴികൾ എടുക്കുമ്പോൾ തന്നെ വെള്ളം കാണുന്നു എന്നാണ്. കണ്ട എല്ലാ പുരയിടങ്ങളിൽ എല്ലാം തന്നെ നല്ല രീതിയിൽ താര പിടിച്ചിരുന്നു. അവയെല്ലാം ഇപ്പോഴും നിലനിൽക്കുന്നു. പരിശോധിച്ച പുരയിടങ്ങളിൽ ഒന്നും തന്നെ CIB ബോർഡ് ഇല്ലായിരുന്നു.

## ഡോർ ടു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്

ഫീൽഡ് പരിശോധനക്ക് പോയപ്പോൾ തൊഴിലാളികളെ കാണാൻ

കഴിയാത്തതിനാൽ അടുത്തുള്ള SNDP ഹാളിൽ ഒത്തു കൂടുകയും തൊഴിൽ കാർഡ് പരിശോധിക്കാനും അവരുമായി സംവാദിക്കാനും ഉള്ള അവസരം ലഭിക്കുകയും ചെയ്തു. സോഷ്യൽ ഓടിറ്റിന്റെ പ്രാധാന്യം, തൊഴിലാളികളുടെ 10 അവകാശങ്ങൾ, ജോലി സമയങ്ങളിൽ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, സോഷ്യൽ ഓടിറ്റ് ഗ്രാമസഭയുടെ ഉദ്ദേശം എന്നിവയെ കുറിച്ച് ചർച്ച ചെയ്തു. 4 ഫീൽഡ് കളിലായി 91 തൊഴിൽ കാർഡുകളാണ് പരിശോധിച്ചതു.

തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും, ഈ വർഷം 23ദിവസത്തെ ജോലി ചെയ്തിരുന്നു എങ്കിലും ജോലി ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രേഖപെടുത്തിയിരുന്നില്ല. തൊഴിലാളികൾ ആരും തന്നെ തൊഴിൽ കാർഡിൽ ഒപ്പ് രേഖപെടുത്തിയിരുന്നില്ല.ഹാജർ രേഖപെടുത്തിയിരുന്നില്ല.കാർഡിൽ വിവരങ്ങൾ രേഖപെടുതെണ്ട രീതി കൺവീനർമാർക്ക് അറിയില്ലായിരുന്നു. തൊഴിൽ കാർഡ് നമ്പർ 43 ശാന്ത എന്ന തൊഴിലാളിയുടെ മേൽവിലാസം രേഖപെടുത്തിയിരുന്നില്ല.തൊഴിലാളികൾക്ക് 10 അവകാശങ്ങൾ വിവരിച്ചതിൽ നിന്നും അവർക്ക് അതിനെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായിരുന്നു എന്ന് മനസിലാക്കാൻ കഴിഞ്ഞു. ശമ്പള വർധന, ജോലി സമയം ചുരുക്കൽ, മാസവേതനം, 100 ദിവസം എന്നത് അധികം ആക്കുക എന്നിവയൊക്കെ ആയിരുന്നു അവരുടെ പ്രധാന ആവശ്യങ്ങൾ. ഫീൽഡ് പരിശോദിചതിൽ നിന്നും പ്രാഥമിക ശുശ്രുക്ഷ കിറ്റ് ഉള്ളതായി കാണാൻ കഴിഞ്ഞു,എന്നാൽ അവ ഒന്നും പഞ്ചായത്തിൽ നിന്നും ലഭിച്ചത് അല്ലായിരുന്നു. തൊഴിലാളികൾ പൈസ പിരിച്ചു വാങ്ങിയത് ആയിരുന്നു. കയ്യുറ, കാലുറ, കുടി വെള്ളം ചൂടാക്കാൻ ഉള്ള കലം ടാർപൊളിൻ എന്നിവ ഉണ്ടായിരുന്നു.

## ഗ്രാമസഭ റിപ്പോർട്ട്

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യോഗം**

**ബ്ലോക്ക് : ചിറയിൻകീഴ്**

**പഞ്ചായത്ത് : ചിറയിൻകീഴ്**

**വാർഡ് നമ്പർ : 08**

**അജണ്ട**

1.ഈശ്വര പ്രാർത്ഥന **(തീയതി : 14/11/2019)**

2.അധ്യക്ഷയെ തിരഞ്ഞെടുപ്പ് **(സമയം : 11.00 am)**

3.സ്വാഗതം

4.റിപ്പോർട്ട് അവതരണം

5.ചർച്ച

6.തീരുമാനം

7.കൃതജ്ഞത

14-11-2019 ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ കോട്ടപുറം SNDP ഹാളിൽ വാർഡ് 8 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയിലെ പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്.

തൊഴിലുറപ്പ് പദ്ധതിയിലെ 80 തൊഴിലാളികൾ ഗ്രാമസഭയിൽ എത്തിയതിൽ നിന്നും 100 ദിവസം തൊഴിൽ ചെയ്ത ഒരു വ്യക്തിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. ഈശ്വര പ്രാർത്ഥനയോടു കൂടി യോഗം ആരംഭിച്ചു. സ്വാഗതം പറയുന്നതിനായി വാർഡ് മെമ്പറും ക്ഷേമകാര്യ കമ്മിറ്റി ചെയർ പേഴ്സൻ മണികണ്ഠൻ അവർകളെ ക്ഷണിച്ചു. VRP സജീഹ പ്രതിജ്ഞ പറഞ്ഞുകൊടുത്തു, എല്ലാവരും ഏറ്റുചൊല്ലി. തുടർന്ന് VRP നിഷ തൊഴിലാളികൾക്ക് അവരുടെ 10 അവകാശങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു . തുടർന്ന് റിപ്പോർട്ട് അവതരിപ്പിക്കാൻ ആയി VRP അഭയ യെ ക്ഷണിക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. അടുത്തതായി ചർച്ചക്ക് വേണ്ടി അധ്യക്ഷ തൊഴിലാളികളെ ക്ഷണിച്ചു.

## ചർച്ച

ഗ്രാമസഭ കരട് റിപ്പോർട്ടിനെ തുടർന്നുണ്ടായ ചർച്ചയിൽ എല്ലാ തൊഴിലാളികളും പങ്കെടുത്തു.തൊഴിലാളി ആയ സുനിത തുടർച്ചയായി വരാൻ കഴിഞ്ഞില്ല എങ്കിൽ അടുത്ത ദിവസം പഞ്ചായത്തിൽ വന്നു കാണണം എന്ന് അഭിപ്രായപെട്ടു. ബുദ്ധിമുട്ട് ഉള്ള ജോലി ആവുമ്പോൾ വരാത്തത് കൊണ്ടാണ് ഇങ്ങനെ ഒരു അഭിപ്രായം പറഞ്ഞത് എന്ന് AE മറുപടി പറഞ്ഞു. പ്രമെഹ രോഗം ഉള്ളവർ ഉള്ളതിനാൽ കയ്യുറയും കാലുറയും നിർബന്ധം ആണെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു. 100 ദിവസം എന്നത് കൂട്ടി തരണം എന്നും ആവശ്യപ്പെട്ടു. ശമ്പളം കൂട്ടണം എന്നാണ് തൊഴിലാളികൾ പറയുന്നത്.ആദ്യ കാലങ്ങളിൽ കയ്യുറയും കാലുറയും, 6ഗ്ലാസ് എന്നിവ കൊടുത്തിരുന്നു എന്ന് ഓവർസിയർ പറഞ്ഞു. First adid കിറ്റ് ആദ്യം ലഭിച്ചിരിന്നു രണ്ടാമത് വേടിച്ചതിന്റെ ബില്ല് കിട്ടിയിട്ടുണ്ട് ഫണ്ട് വന്ന ഉടനെ തരും എന്നും AE അറിയിച്ചു. ജോലി ചെയ്യുന്ന തുക മാസം കിട്ടണം എന്ന് തൊഴിലാളി ആയ സുദേവി പറഞ്ഞു. തൊഴിൽ സമയം 9മുതൽ 4വരെ ആക്കണം എന്നും തൊഴിലാളികൾ

ആവശ്യപ്പെട്ടു. മഴ സമയത്ത് വരുമ്പോൾ പ്രധിരോദ ഗുളിക നൽകണം എന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.

തുടർന്ന് തൊഴിലുറപ്പ് അഗങ്ങൾ ഗ്രാമസഭ റിപ്പോർട്ട് അംഗീകരിക്കുകയും കയ്യടിച്ചു പാസ്സാക്കുകയും ചെയ്തു. ശേഷം AE രേഷ്മ കൃതജ്ഞത രേഖപ്പെടുത്തി. ദേശീയ ഗാനത്തോടുകൂടി യോഗം അവസാനിപ്പിച്ചു.